6.മിശ്രവിവാഹംമൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന ദംബതിമാർക്കാണ് ധനസഹായം അനുവദിക്കുന്നത്.ദംബതിമാർ അനുഭവിക്കുന്ന ക്ലേശങ്ങൾ വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തുക...,എസ്.സി.ഡി.ഒ അത് ബോധ്യപ്പെട്ട് ശുപാർശ ചെയ്യുകയുമാണ് സാധാരണ നടപടിക്രമം.എന്നാൽ ക്ലേശഘടകങ്ങൾ അപേക്ഷയിൽ സൂചിപ്പിക്കാത്തതും, മിശ്രവിവാഹംമൂലം ക്ലേശങ്ങൾ അനുഭവിക്കുന്നില്ലെന്ന് അപേക്ഷയിൽ വ്യക്തമാക്കുകയും ചെയ്തിട്ടുള്ള ദംബതിമാർക്കും(എസ്.സി.ഡി.ഒ യുടെശുപാർശയുടെ അടിസ്ഥാനത്തിൽ)ധനസഹായം അനുവദിച്ചതായി കാണുന്നു. ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

എ. ജഗദീഷ്.വി&റസിയ,നിയർ മേഴ്സികോളേജ്,പള്ളിപ്പുറം, -2016-17

ബി.രാജേഷ്.ഡി&രാധിക.ആർ,സുന്ദരംകോളനി,കൽപ്പാത്തി, -2016-17

സി.കുമാർ.എംക്&മഹേശ്വരി,തേഞ്ഞിപ്പാളയം,അംബികാപുരം, -2016-17

ഡി. കണ്ണൻ.ആർ&പാർവ്വതി.കെ,സിവിൽസ്റ്റേഷനു പുറകുവശം,കല്ലേക്കാട് -2016-17

ഇ. രാജൻ.വി&രജിത.ആർ,രാകേഷ്നിവാസ്,ന്യൂകോളനി,മങ്കാവ്.-2016-17

എഫ്.പ്രണവ്കുമാർ.സി&അജിത.എം.എസ്,ശംഖുവാർമേട്,കൽപ്പാത്തി, -2017-18

ജി.പ്രഭു.എം&ജിഷ.ആർ,മങ്കാവ്,പാലക്കാട്, -2017-18

എച്ച്.സന്തോഷ്&സുധ.എം,എടയാർസ്ട്രീറ്റ്,മങ്കാവ്- -2017-18-ഈ ദംമ്പതികൾ മിശ്ര വിവാഹംമൂലം ഒരുവിധത്തിലുള്ള ക്ലേശങ്ങളും അനുഭവിക്കുന്നില്ലെന്ന്വ്യക്തമാക്കിയിട്ടുണ്ട്.പിന്നെ ഏത് സാഹചര്യത്തിലാണ് ഇവരുടെ അപേക്ഷ എസ്.സി.ഡി.ഒ ശുപാർശചെയ്ത് മേലാഫീസിലേക്ക് അയച്ചതെന്നും,ആനുകൂല്യം അനുവദിച്ചതെന്നും വ്യക്തമാക്കേണ്ടതുമാണ്.ജില്ലാഓഫീസർ വ്യക്തമായ പരിശോധനകളില്ലാതെയാണ് ഈഅപേക്ഷകർക്ക് ധനസഹായം അനുവദിച്ചതെന്നും വ്യക്തമാണ്.

## 7.വിവാഹധനസഹായം

1. 2010-11 വർഷംമുതൽ 2017-18 വർഷംവരെ വിവാഹധനസഹായപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2010-11 | 25 | 2,45,000/-(24X10000, 1X5000) |
| 2011-12 | 12 | 2,40,000/-(12X20000) |
| 2012-13 | 29 | 12,70,000/-(23X50000, 6X20000) |
| 2013-14 | 43 | 20,30,000/-(39X50000, 4X20000) |
| 2014-15 | 53 | 26,20,000/-(52X50000, 1X20000) |
| 2015-16 | 17 | 8,50,000/-(23X50000) |
| 2016-17 | 49 | 24,50,000/-12,70,000/-(49X50000) |
| 2017-18 | 42 | 30,75,000/-(37X750000,6X50000) |

2.2012-13 വർഷംവരെ വിവാഹധനസഹായത്തിന് ഗുണഭോക്തൃരജിസ്റ്റർ പരിപാലിച്ചതായി കാണുന്നില്ല.അക്വിറ്റൻസിൽനിന്നുമാത്രമാണ് ഗുണഭോക്തൃവിവരങ്ങൾ മനസിലാക്കാനാകുന്നത്. 2002-03 ൽ ആരംഭിച്ച അക്വിറ്റൻസാണ് രജിസ്റ്ററാണ് പരിശോധനാ

കാലയളവായ 2010-11 ലെ രേഖപ്പെടുത്തലുകൾ .ഈരജിസ്റ്ററിൽ ഏകദേശം പകുതി യോളംപേജുകൾ അവശേഷിക്കുന്നുണ്ടെങ്കിലും അവ ക്യാൻസൽചെയ്യാതെയാണ് 2011-12 ലെ വിവരങ്ങൾ പുതിയ രജിസ്റ്റർപരിപാലിച്ച് രേഖപ്പെടുത്താൻതുടങ്ങിയത്.

4. 2012-13 വർഷംമുതൽ പുതിയ രജിസറ്റർ പരിപാലിച്ച് അപേക്ഷകരുടെ വിവരം അതിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ടി രജിസ്റ്ററിൽ2014-15 ന് ശേഷം ഓഫീസർ ഒപ്പ് ചാർത്തി അപേക്ഷകരുടെ വിവരം സാക്ഷ്യപ്പെടുത്തുന്നില്ലെന്നുകാണുന്നു.

5.ജില്ലാഓഫീസിൽനിന്നും ധനസഹായം അനുവദിച്ചുനല്കുന്ന ഉത്തരവുകൾ ഫയ ലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിനും ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6.2016-17 സാമ്പത്തികവർഷം 9 ഗുണഭോക്താക്കൾക്ക് 50,000/- രൂപ ക്രമത്തിൽ 4,50,000/- രൂപ ബിൽനംബർ CB No.18 /16-17 പ്രകാരം തേർച്ചചെയ്തത് ഗുണഭോക്താ ക്കളുടെ ബാങ്ക്അക്കൗണ്ടിലേക്ക് ക്രെഡിറ്റ്ചെയ്തതായി കാണുന്നു.എന്നാൽ ടി ഗുണ ഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ന്യൂനതപരി ഹരിച്ചറിയിക്കേണ്ടതാണ്.

7.ഓരോ സാമ്പത്തികവർഷവും പദ്ധതിനിർവ്വഹണംസംബന്ധിച്ച അബ്സ്ട്രാക്ട് എഴു തിയതിനുശേഷംമാത്രമേ അടുത്ത സാമ്പത്തികവർഷത്തെ രേഖപ്പെടുത്തലുകൾ രജി സ്റ്ററിൽ വരുത്താവുഎന്ന് നിർദ്ദേശിക്കുന്നു.മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

**8.ചികിൽസാധനസഹായം**

1.2007-08 മുതൽ പരിപാലിച്ചുവരുന്ന രജിസ്റ്ററിലാണ് പരിശോധനാകാലയളവിലെ ഗുണഭോക്തൃവിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത്.ഈ രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.

അലോട്ട്മെന്റ് ജില്ലാഓഫീസർ നല്കുകയും ടി തുക ഓഫീസറുടെ STSB അക്കൗ ണ്ടിൽ നിക്ഷേപിക്കുകയും ചികിൽസാധനസഹായം അനുവദിക്കുന്ന ഗുണഭോക്താ ക്കൾക്ക് ചെക്ക്മുഖേന തുക നല്കുകയുമാണ് 2015-16 വരെ അനുവർത്തിച്ചിരുന്നത്. 2016-17 വർഷംമുതൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ്ചെയ്തുനൽകു ന്നു. 2017-18 വർഷംവരെ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താ ക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2010-11 | 8 | 57,500/- |
| 2011-12 | 1 | 10,000/- |
| 2012-13 | 11 | 1,65,000/- |
| 2013-14 | 22 | 3,60,000/- |
| 2014-15 | 18 | 5,30,000/- |
| 2015-16 | 12 | 2,55,000/- |
| 2016-17 | 12 | 3,10,000/- |
| 2017-18 | 51 | 9,41,000/- |

.ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. അക്വിറ്റൻസ് തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.

ഓരോ ബിൽ പ്രാകാരമുള്ള payment ന് ശേഷം abstact എഴുതിവയ്ക്കാൻ നിർദ്ദേശിക്കുന്നു. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിനും ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കണം.മറ്റ് പരാമർശങ്ങൾ ഇല്ല.

**9.പഠനമുറി നിർമ്മാണ ധനസഹായം.**

1.സ.ഉ(പി)നം.13/2017/പജ.ജവ.വിവ.തീയതി 30-12-2017 പ്രകാരം 2017-18 സാമ്പത്തിക വർഷം നിലവിൽവന്ന ടി പദ്ധതിപ്രകാരം സ്റ്റേറ്റ് സിലബസ്സിൽ പഠിക്കുന്നതും ,1,00,000/-രൂപവരെ കുടുംബവാർഷികവരുമാനം ഉള്ളതും,600 സ്ക്വയർഫീറ്റുവരെ വലിപ്പമുള്ളതുമായവീട്ടിൽവസിക്കുന്നതും,ഹൈസ്കൂൾക്ലാസുകളിൽപഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപ 4 ഗഡുക്കളായി നൽകുന്ന ടി പദ്ധതിപ്രകാരം ടി വർഷം 13 പേർക്ക് ധനസഹായം അനുവദിച്ചതായി കാണുന്നു,ഇതിൽ 9 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ശേഷിക്കുന്ന 4 പേരിൽ 2 പേർ മൂന്നാം ഗഡുവിലും, 2 പേർ രണ്ടാം ഗഡുവിലും നിൽക്കുന്നു.23,20,000/- രൂപ ഈ ഇനത്തിൽ ചെലവുള്ളതായി കാണുന്നു.

2.രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ വിവരം കൂടി രജിസ്റ്ററിൽചേർക്കേണ്ടതും,ഗുണഭോക്തൃവിവരം എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3.അപേക്ഷകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടുണ്ട്.ഫയൽ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.

4.യു.സി അയച്ചതായി കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**10.സ്വയംതൊഴിൽ പദ്ധതി.**

ബാങ്ക് വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ സംരഭങ്ങളിൽ ഏർപ്പെടുന്ന സംരഭകർക്ക് ബാങ്ക് അനുവദിയ്ക്കുന്ന വായ്പ തുകയുടെ മൂന്നിൽ ഒന്ന് ഭാഗം സബ്സിഡി അനുവദിയ്ക്കുന്ന പദ്ധതി പ്രകാരം തുക വിതരണംചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഗബ്സിഡി ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 2010-11 | 1 | 24,667/- |
| 2011-12 | 1 | 1,00,000/- |
| 2012-13 | 4 | 2,12,103/- |
| 2013-14 | 1 | 10,000/- |
| 2014-15 | 2 | 1,67,000/- |

| | | |
|---|---|---|
| 2015-16 | 2 | 1,15,110/- |
| 2016-17 | 3 | 4,25,999/- |
| 2017-18 | 5 | 3,09,475/- |

വ്യക്തികൾക്ക് 3,00,000/- രൂപ വരെയുള്ള പ്രോജക്ടുകൾക്കും,ഗ്രൂപ്പുകൾക്ക് 10,00,000/- രൂപ വരെയുള്ള പ്രോജക്ടുകൾക്കുമാണ് അനുമതി നൽകുന്നതിന് അനുവാദമുള്ളത്.2016-17 വർഷം മൂന്ന് പേർ അടങ്ങുന്ന ഗ്രൂപ്പിന്റെ 15,67,000/-രൂപയുടെ പ്രോജക്ടിന് ബാങ്ക് അനുവദിച്ച വായ്പതുകയായ 12,81,608/- രൂപയ്ക്ക് ജില്ലാ പട്ടിക ജാതിവികസന ഓഫീസറുടെ 20-03-2017 ലെ 16953/17 നമ്പർ ഉത്തരവ് പ്രകാരം 3,00,000/-സബ്സിഡിഅനുവദിച്ചതായി കാണുന്നു.പദ്ധതിയുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമപ്രകാരം ഇത് ക്രമപ്രകാരമല്ലെന്ന് അഭിപ്രായപ്പെടുന്നു.ഗുണഭോക്തൃ രജിസ്റ്ററുകൾ ക്രമമായി പരിപാലിക്കുകയോ,എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല..2016-17,2017-18 എന്നീ വർഷങ്ങളിൽ ഓരോ ഗുണഭോക്തൃരജിസ്റ്റർ പരിപാലിച്ചിരിക്കുന്നു.2016-17 ൽ ആരംഭിച്ച രജിസ്റ്ററിലെ 3 പേജുകൾ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്.ഇത് രജിസ്റ്ററുകളുടെ ദുര്യുപയോഗമായി കണക്കാക്കുന്നു. ന്യൂനത പരിഹരിച്ചും, വിനിയോഗസർട്ടിഫിക്കറ്റ് ഏ.ജി ക്ക് സമർപ്പിച്ചും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**11.വിദേശ തൊഴിൽ ധനസഹായം.**

അഭ്യസ്തവിദ്യരും തൊഴിൽമേഖലയിൽ നൈപുണ്യവും,പരിശീലനവും ലഭിച്ച പട്ടിക ജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും,വിസാ സംബന്ധമായ ചെലവുകൾക്കുമായി ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 1 | 50,000/- |
| 2017-18 | 1 | 50,000/- |

മറ്റ് വർഷങ്ങളിലെ പദ്ധതി നടത്തിപ്പ്സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭിച്ചില്ല.ടി കാലയളവിലെ പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട്ചെയ്യേണ്ടതാണ്.

ഗുണഭോക്തൃരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചും, വിനിയോഗസർട്ടിഫിക്കറ്റ് ഏ.ജി ക്ക് സമർപ്പിച്ചും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പാർട്ട് III(A)

**വിദ്യാഭ്യാസ പദ്ധതികൾ.**

**1.ലംപ്സംഗ്രാന്റ് വിതരണം.**

പരിശോധനാ കാലയളവിൽ ലംപ്സം ഗ്രാന്റ് വിതരണംചെയ്തതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | പട്ടികജാതി | ഒ.ഇ.സി | പട്ടികജാതി | ഒ.ഇ.സി |
| 2010-11 | 2310 | 90 | 5,56,359/- | 22,230/- |
| 2011-12 | 2201 | 72 | 12,04,875/- | 60,825/- |
| 2012-13 | 1444 | 54 | 13,36,650/- | 56,571/- |
| 2013-14 | 437 | | 41,830/- | |
| 2014-15 | 2109 | | 11,40,125/- | |
| 2015-16 | 1907 | | 10,33,375/- | |
| 2016-17 | 1794 | | 7,73,125/- | |
| 2017-18 | 1840 | | 11,15,375/- | |

2.ഓരോവർഷത്തേയും ലംപ്സംഗ്രാന്റ് വിതരണം പൂർത്തിയാകുന്നമുറയ്ക്ക് -ആകെ അനുവദിച്ചതുക,സ്കൂളുകളിൽനിന്നും വിതരണംചെയ്ത തുക,തിരിച്ചടച്ചതുക എന്നിവയും,ആൺ/പെൺ വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള എണ്ണവും ലംപ്സംഗ്രാന്റ് വിതരണ രജിസ്റ്ററിന്റെ (അതാതുവർഷത്തെ)അവസാനപേജിൽ രേഖപ്പെടുത്തി ഓഫീസർ ഒപ്പിട്ടുസൂക്ഷിക്കുന്നതിന് നിർദ്ദേശം നല്കുന്നു.

3.എല്ലാകോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.തിരിച്ചടച്ച തുകകളുടെ ചെലാൻ നമ്പർ തീയതി എന്നിവ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. അക്വിറ്റൻസ് സ്കൂളുകളിൽനിന്ന് വാങ്ങി ക്രമമായി സുക്ഷിച്ചിട്ടുണ്ട്.

4. യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ന്യൂനതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**<u>2.ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.</u>**

1. IV,VII ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് X ാം ക്ലാസുവരെ പ്രതിവർഷം 4500/- രൂപ വീതം ധനസഹായം അനുവദിയ്ക്കുന്ന പദ്ധതിപ്രകാരം പരിശോധനാകാലയളവിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പുതുക്കൽ | പുതിയത് | ആകെ | അനുവദിച്ച തുക പുതുക്കൽ | അനുവദിച്ച തുക പുതിയത് | ആകെ അനുവദിച്ച തുക |
|---|---|---|---|---|---|---|
| 2010-11 | 2 | 1 | 3 | 10,000/- | 7500/- | 17,500/- |
| 2011-12 | 1 | 1 | 2 | 7500/- | 5500/- | 13,000/- |
| 2012-13 | 2 | 1 | 3 | 11,000/- | 7500/- | 18,500 |
| 2013-14 | -- | -- | -- | -- | -- | -- |
| 2014-15 | 1 | 5 | 6 | 4500/- | 22,500/- | 27,000/- |
| 2015-16 | 1 | -- | 1 | 4500/- | -- | 4500/- |
| 2016-17 | 1 | -- | 1 | 3375/- | -- | 3375/- |
| 2017-18 | 3 | -- | 3 | 13,500/- | -- | 13,500/- |

ഗുണഭോക്തൃരജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമല്ലെന്ന് അഭിപ്രായപ്പെടുന്നു.

2.തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിപാലിക്കുന്നില്ല. അക്വി റ്റൻസ് മാത്രമാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് വിദ്യാർത്ഥികളെ സംബ ന്ധിച്ച വിവരങ്ങൾ ശേഖരിക്കാനുള്ള ഒരേയൊരുമാർഗ്ഗം.ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(എ)ഓരോവർഷവും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ലഭ്യമായ എല്ലാ വിവരങ്ങളും(ഫോട്ടോയും,ഫോൺനമ്പരും ഉൾപ്പെടെയുള്ളത്) ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും ഏത് ഉത്തരവിനാൽ തെരഞ്ഞെടുക്കപ്പെട്ടെന്നും,അനുവദിച്ചതുക എത്രയെന്നുംകൂടി രേഖപ്പെടുത്തേണ്ടതാണ്.

(ബി)അടുത്തവർഷത്തേയ്ക്ക് ഈ കുട്ടിയെ Carry Over ചെയ്യുമ്പോൾ ---വർഷത്തെ ----രജിസ്റ്ററിലെ--- പേജിൽ ടി വിദ്യാർത്ഥിയുടെ വിവരം ഉൾപ്പെടുത്തിയുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്.

(സി). ഗുണഭോക്തൃരജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമ മല്ലെന്ന് അഭിപ്രായപ്പെടുന്നു.പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്കൂൾമേധാവികളുടേയും രക്ഷ കർത്താക്കളുടേയും,എസ്.സി പ്രമോട്ടർമാരുടേയും സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.പരിശോധനാകാലയളവിലെ യു.സി ഏ.ജിയ്ക്ക് അയച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

<u>3.ട്യൂഷൻഫീസ് റീ ഇംബേഴ്സ്മെന്റ്.</u>

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ X ാം ക്ലാസുവരെ പഠിയ്ക്കുന്ന പട്ടികജാ തി,മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിച്ചുനൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2013-14,2014-15,2015-16,2016-17 വർഷങ്ങളിലെ വിവരങ്ങൾമാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്.ആയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2013-14 വർഷം 128 പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്ക് 2,08,830/- വിതരണംചെ യ്തു.2014-15 വർഷം 127 പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്ക് 1,81,850/- വിതരണം ചെയ്തു.2015-16 വർഷം 128 പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്ക് 1,74,988/- വിതര ണംചെയ്തു.2016-17 വർഷം 139 പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്ക് 1,92,252- വിത രണംചെയ്തു.

2015-16 വർഷം പദ്ധതിപ്രകാരം ധനസഹായംഅനുവദിച്ച എം.ഇ.എസ് ഹയർസെ ക്കന്ററി സ്കൂൾ,സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂൾ,കാണിക്കമാതാ കോൺവെന്റ് എച്ച് എസ്.എസ് എന്നീ സ്കുളുകളിൽനിന്നും വിദ്യാർത്ഥികളുടെ ലിസ്റ്റ് എ.ഇ.ഒ/ഡി.ഇ.ഒ അംഗീകരിച്ചതായി കാണുന്നില്ല.വിശദീകരണം നൽകേണ്ടതാ ണ്.പരിശോധനാകാലയളവിലെ യു.സി ഏ.ജിയ്ക്ക് അയച്ച് വിവരം റിപ്പോർട്ടുചെയ്യേ ണ്ടതാണ്.

4.പ്രത്യേക പ്രോത്സാഹന സമ്മാനം

1.2010-11 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2010-11 | 28 | 46,000/- |
| 2011-12 | 17 | 22,500/- |
| 2012-13 | 32 | 46,250/- |
| 2013-14 | 32 | 45,250/- |
| 2014-15 | 36 | 1,32,000/- |
| 2015-16 | 111 | 3,48,000/- |
| 2016-17 | 94 | 3,88,000/- |
| 2017-18 | 160 | 4,92,000/- |

ഈ പദ്ധതിക്കായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.എന്നാൽ ടി രജിസ്റ്ററിൽതന്നെ മറ്റ് പദ്ധതികളുടെ വിവരങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുള്ളത് അവ്യക്തതയ്ക്ക് കാരണമായിട്ടുണ്ട്. (ഉദാ:-ഒ.ബി.സി സ്കോളർഷിപ്പ്,എസ്.എസ്.എൽ.സി തോറ്റവരുടെ ധനസഹായവിതരണം) വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതുസംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5.ഐ.റ്റി.ഐ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം.

1.Keral Technical Institute,Phonetic Engineering & Technical Institute എന്നീ രണ്ട് സ്വകാര്യ വൊക്കേഷണൽ സ്ഥാപനങ്ങളിലെ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള കോഴ്സുകൾപഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. Keral Technical Institute ലെ 11 സ്റ്റൈപ്പന്ററി സീറ്റിലേക്കും Phonetic Engineering & Technical Institute 10 സ്റ്റൈപ്പന്ററി സീറ്റിലേക്കും പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം 2010-11 മുതൽ 2017-18 വരെയുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2010-11 | 1,72,154/- |
| 2011-12 | 3,69,621/- |
| 2012-13 | 1,93,160/- |
| 2013-14 | 2,63,456/- |
| 2014-15 | 2,88,413/- |
| 2015-16 | 2,92,030/- |
| 2016-17 | 8,21,576/- |
| 2017-18 | 3,10,386/- |

2.ഓരോ വർഷവും ധനസഹായം അനുവദിച്ചുനൽകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തുന്നതായി കാണുന്നില്ല.ന്യൂനത പരിഹരിക്കേണ്ടതാണ്.

**6.ഒ.ബി.സി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം.**

1.2011-12 വർഷം മാത്രം നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ഇത്.പ്രതിവർഷം 45,000/-രൂപയിൽതാഴെ വാർഷികവരുമാനം ഉണ്ടായിരുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ 6 മുതൽ 10 വരെ ക്ലാസ്സിൽപഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുവേണ്ടി ടി വർഷം തുക അനുവദിച്ചിരുന്നെങ്കിലും ടി പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. തുക വിതരണംസംബന്ധിച്ച വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**7.സൈക്കിൾ വാങ്ങാൻ ധനസഹായം**

2011-12 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ 100 ദിനകർമ്മപരിപാടിയുടെ ഭാഗമായി സർക്കാർ,എയ്ഡഡ് സകൂളുകളിൽ 8-ാം ക്ലാസിൽ പഠിച്ചിരുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങാൻ ധനസഹായം അനുവദിച്ചിരുന്നു.ഈ ബ്ലോക്കിൽ ടി സാമ്പത്തികവർഷം 310 കുട്ടികൾക്ക് 3000/- രൂപ ക്രമത്തിൽ 9,30,000/-അനുവദിച്ചതതായുംബിൽ പകർപ്പ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.ഫയലോ,രജിസ്റ്ററോ,അക്വിറ്റൻസോ പരിശോധനയ്ക്ക് ലഭിച്ചില്ല. സൈക്കിൾ വാങ്ങിയ ബില്ലുകൾസഹിതം അക്വിറ്റൻസ് സൂക്ഷിക്കാൻ നിർദ്ദേശമുണ്ടെങ്കിലും അവയും പരിശോധനയ്ക്ക് ലഭിച്ചില്ല. അവ കണ്ടെടുത്ത് സൂക്ഷിക്കേണ്ടതും അടുത്ത പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

**8.പ്രൈമിറഎഡ്യൂക്കേഷൻഎയ്ഡ്.**

2014-15മുതൽ 2017-18 വരെ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 444 | 8,88,000/- |
| 2015-16 | 461 | 9,22,000/- |
| 2016-17 | 458 | 9,16,000/- |
| 2017-18 | 485 | 9,70,000/- |

പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. ഫയൽ,അക്വിറ്റൻസ്,അപേക്ഷകൾ എന്നിവ നന്നായി പരിപാലിക്കുന്നുണ്ട്.മറ്റ് പരാമർശങ്ങൾ ഇല്ല.

**9.സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്.**

2017-18 സാമ്പത്തികവർഷം മുതൽ ആരംഭിച്ച ടി പദ്ധതിപ്രകാരം 5-ാം ക്ലാസുമുതൽ 8-ാം ക്ലാസുവരെ പഠിക്കുന്ന 687 വിദ്യാർത്ഥികൾക്ക് 13,74,000/-രൂപ വിതരണം ചെയ്തിട്ടുള്ള

ചെയ്തിട്ടുള്ള
തായി കാണുന്നു. പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. ഫയൽ,അക്വിറ്റൻസ്,അപേക്ഷകൾ എന്നിവ നന്നായി പരിപാലിക്കുന്നുണ്ട്.മറ്റ് പരാമർശങ്ങൾ ഇല്ല.

## 10.പാരലൽകോളേജ്- എഡ്യൂക്കേഷൻ എയ്ഡ്.

1.പാരലൽകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ധനസഹായം ഏറ്റവുംകൂടുതൽമാറിവിതരണംനടത്തുന്ന ഓഫീസുകളിലൊന്നാണ് പാലക്കാട് നഗരസഭാപട്ടികജാതിവികസന ഓഫീസ് . പാലക്കാട് നഗരസഭാ- ജില്ലാആസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നതെന്നതിനാലും,ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ അധിവസിക്കുന്ന ജില്ലയെന്നതിനാലും ,ടി ജില്ലയിലെ പ്രധാന പാരലൽസ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത് നഗരസഭാപരിധിയിലാണെന്നതിനാലുമാണ് ഈ അവസ്ഥ സംജാതമാകുന്നത്.ഏകദേശം ശരാശരി 700 ഓളം വിദ്യാർത്ഥികളുടെ ധനസഹായം പ്രതിവർഷം മാറിവിതരണംനടത്തുന്ന ഇവിടെ എസ്.സി.ഡി.ഒ യെ സഹായിക്കാൻ ക്ലാർക്കിന്റെയും ഓ.എയുടെ സഹായം ലഭ്യമല്ലെന്നത് പരിതാപകരമായ അവസ്ഥയാണ്. 2015-16 സാമ്പത്തികവർഷംമുതൽ സ.ഉ(എം.എസ്)നം.10/2014/പി.സ.വി.വ തീയതി 23-05-2014 നമ്പർ ഉത്തരവ് പ്രകാരം പിന്നാക്ക വിഭാഗത്തിൽപെട്ട 30 ജാതികളെക്കൂടി ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പാരലൽകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇരട്ടിയായി വർദ്ധിച്ചിട്ടുള്ളതായി കാണാം.ഈ സാഹചര്യത്തിൽ ക്ലാർക്കിന്റെ സേവനം അവശ്യവേണ്ടുന്ന ഓഫീസാണിതെന്ന്കാണുന്നു. 2010-11 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | | അനുവദിച്ചതുക | | തിരിച്ചടച്ച തുക | |
|---|---|---|---|---|---|---|
| | എസ്.സി | ഒ.ഇ.സി | എസ്.സി | ഒ.ഇ.സി | എസ്.സി | ഒ.ഇ.സി |
| 2010-11 | 210 | -- | 3,31,832/- | -- | -- | -- |
| 2011-12 | 540 | 13 | 30,61,890/- | 74,593/- | | |
| 2012-13 | 328 | 9 | 15,37,121/- | 52,586/- | 6009/- | -- |
| 2013-14 | 416 | 6 | 28,17,604/- | 46,581/- | 39,474/- | -- |
| 2014-15 | 1508 | 43 | 1,00,83,143/- | 2,84,616/- | 2,92,361/- | 6385/- |
| 2015-16 | 349 | 49 | 23,35,144/- | 3,25,507/- | 94,125/- | 6845/- |
| 2016-17 | 846 | 611 | 56,62,797/- | 45,42,820/- | -- | -- |
| 2017-18 | 598 | -- | 56,01,814/- | -- | -- | -- |

## 11.വാൽസല്യനിധി.

സഉ(പി)നം.11/2017/പജ.പവ.വിവ തീയതി 15-11-2017പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു.18 വയസ് പൂർത്തിയാകുന്നമുറക്ക് 3,03,526/- രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു.ഈ തുക ഉപരിപഠനത്തിനോ ഇതര ജീവിത സന്ധാരണത്തിനോവിനിയോഗിക്കാവുന്നതാണ്.

2017-18 സാമ്പത്തികവർഷം ഈ ഇനത്തിൽ 12 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷകൾ മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു.ഇതുസംബന്ധിച്ച പുരോഗതി അറിയിക്കേണ്ടതാണ്.

## പാർട്ട് III(B).

### മറ്റ് പദ്ധതികൾ.

**/. സ്വയം പര്യാപ്ത ഗ്രാമം പദ്ധതി.**

സ്വയം പര്യാപ്ത ഗ്രാമവികസന പദ്ധതി പ്രകാരം പാലക്കാട് നഗരസഭയിലെ അമ്പല ക്കാട് പട്ടികജാതിക്കോളനി തെരഞ്ഞെടുത്തിരുന്നു.ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന ഗവൺമെന്റ് നോഡൽ ഏജൻസിയ്ക്കായിരുന്നു നിർമ്മാണചുമത ല.വീടുകളുടെ പ്ലാസ്റ്ററിംഗ്, ട്രയിനേജ്,റോഡ്കോൺക്രീറ്റിംഗ്,ലൈബ്രറിക്ക കമ്പ്യൂട്ടർറൂം,അഗൻവാടി മെയിന്റനൻസ്&കോമ്പൗണ്ട്വാൾ എന്നിങ്ങനെ ആകെ 31,12,888/- രൂപയുടെ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.28-05-2018 ൽ ചേർന്ന മോണിറ്ററിം കമ്മിറ്റി പുതിയ നിർമ്മാണപ്രവർത്തികൾ ശുപാർശ ചെയ്തിട്ടു ണ്ടെങ്കിലും അംഗീകാരം ലഭിച്ചതായി കാണുന്നില്ല. നിർമ്മാണപ്രവർത്തികളുടെ പുരോഗതിവിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

**2, അംബേദ്ക്കർ സ്വാശ്രയ ഗ്രാമം**

2016-17 വർഷം പാലക്കാട് നഗരസഭയിലെ പഴയകുളം കോളനി തെരഞ്ഞെടുത്തു. ജില്ലാ നിർമ്മിതികേന്ദ്രമാണ് നിർവ്വഹണ ഏജൻസി.എസ്റ്റിമേറ്റ് പ്രകാരമുള്ള 12 പ്രവർത്തികളുടെ നിർമ്മാണം പുരോഗതിയിലാണ്. നിർമ്മാണപ്രവർത്തികളുടെ പുരോഗതിവിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

## പാർട്ട് IV

### മറ്റ് രജിസ്റ്ററുകൾ

**1,ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

നിർദ്ധിഷ്ഠ മാതൃകയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട് ദ്വൈവാര പരി ശോധന സാക്ഷ്യപത്രം രേഖപ്പെടുത്തിട്ടില്ല ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.31/3/18 ൽ 400 രൂപയുടെയും പരിശോധന ദിവസം (12/12/18 ) 340 രൂപയുടെയും തപാൽ സ്റ്റാമ്പ് നീക്കിയിരിപ്പുണ്ട്.

**2,ആസ്തി രജിസ്റ്റർ**

നിലവിൽ പരിപാലിക്കുന്നില്ല.നഗരസഭ പരിധിയിൽ വകുപ്പിന്റെ അധീനതയിലു ള്ള വസ്തുക്കളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യ പ്പെടുത്തി സൂക്ഷിച്ച് റിപ്പോർട്ടുചെയ്യേണ്ടതാണ്.

**3,ഫർണീച്ചർ രജിസ്റ്റർ**

നിർദ്ധിഷ്ഠ രജിസ്റ്റർ പരിപാലിക്കുന്നില്ല.ഫർണീച്ചറും ഇലക്ട്രിക്ക് & ഇല ക്ട്രോണിക്ക് ഉപകരണങ്ങൾക്കുമായി പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ട താണ്.വാർഷികഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തി ആഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതും ചുമതലാകൈമാറ്റംനടക്കുമ്പോൾ ആയത് രേഖപ്പെടുത്തേണ്ടതുമാണ്.

4, പേ-ബിൽ രജിസ്റ്റർ

നിർദ്ധിഷ്ഠ രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ ലഭ്യമാക്കി ക്രമമായി പരിപാലിച്ചു വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

5, കണ്ടിൻജന്റ് ബിൽ രജിസ്റ്റർ

നിർദ്ധിഷ്ഠ രജിസ്റ്റർ പരിപാലിക്കുന്നില്ല. രജിസ്റ്റർ ലഭ്യമാക്കി ക്രമമായി പരിപാലിച്ചു വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

6, ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

പരിശോധന കാലയളവിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട്

714011400000240 ജില്ലാ ട്രഷറി പാലക്കാട് 21/5/2016 ൽ വിവിധ പദ്ധതി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനു ആരംഭിച്ച അക്കൗണ്ടാണിത് നിലവിൽ (13/12/18)115961 രൂപ നീക്കി ബാക്കി ഉണ്ട്.നീക്കിബാക്കിയുള്ള തുകയുടെ ഇനവിവരം വ്യക്തമല്ല.ട്രഷറിയുമായി ബന്ധപ്പെട്ട അക്കൗണ്ടിലെ ഇടപാടുകൾ ഒത്തുനോക്കി നീക്കിബാക്കിയുള്ള തുകയുടെ ഇന വിവരം കണ്ടുപിടിച്ച് വിതരണം ചെയ്യുവാൻ കഴിയുന്ന തുക വിതരണം ചെയ്യുന്നതിനും വിതരണം ചെയ്യുവാൻ കഴിയാത്ത തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടുചെയ്യേണ്ടതുമാണ്.

ചെക്കുകളുടെ വിതരണത്തിനു പൊതുവായ രജിസ്റ്റർ അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ പരിപാലിക്കേണ്ടതാണ്.ഇവിടെ ചെക്കുകളുടെ വിതരണത്തിനു വിവിധ പദ്ധതികളുടെ അക്വിറ്റൻസുകൾ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു ഇതു ശരിയായ രീതിയല്ല ചെക്കുകളുടെ വിതരണത്തിനു പൊതുവായ രജിസ്റ്ററും പദ്ധതികൾക്കു പ്രത്യേകം പ്രത്യേകം ഗുണഭോക്തൃ രജിസ്റ്ററും പരിപാലിക്കേണ്ടതാണ് ചെക്കുകളുടെ വിതരണം പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ വിശദീകരണത്തിനായി ചുവടെ ചേർക്കുന്നു.

1,പാരൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തതിൽ ചെക്ക്നം 2069928 രേഷ്മ.സി എന്ന വിദ്യാർത്ഥിക്ക് അക്വിറ്റൻസ് രജിസ്റ്ററിൽ 8645/-രൂപയും ചെക്കിന്റെ കൗണ്ടർ ഫോയിലിൽ 8635/- -രൂപയും രേഖപ്പെടുത്തിയിരിക്കുന്നു.

2, ചെക്ക് നം 2069943 ഗോപു.ജി , അക്വിറ്റൻസിൽ 7639/-രൂപയും ചെക്കിന്റെ കൗണ്ടർ ഫോയിലിൽ 7939/- -രൂപയും രേഖപ്പെടുത്തിയിരിക്കുന്നു.

3, ചെക്ക് നം 2069975 & 77 എന്നീ യഥാക്രമം 8655/-രൂപയ്ക്കും 8375/- രൂപയുടേയും ചെക്കുകൾ ഒപ്പു രേഖപ്പെടുത്തി വിതരണം ചെയ്യാതെയും ക്യാൻസൽ ചെയ്യാതെയും സൂക്ഷിച്ചിരിക്കുന്നു.

4, ചെക്ക് നം 2288100 ചെക്കിന്റെ കൗണ്ടർ ഫോയിൽ പരിശോധനയ്ക്കു ലഭിച്ചില്ല.

5, ചെക്ക് നം 2288168 മുതൽ 2288175 വരെയുള്ള ചെക്കുകൾ കൗണ്ടർ ഫോയിലിൽ വിദ്യാർത്ഥികൾ ഒപ്പിട്ടു കൈപ്പറ്റിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

6, ചെക്ക് നം 2288176 പ്രകാരം 10000/- രൂപയുടെ ചികിൽസാ ധനസഹായം, പാരൽ കോളേജ് തുകയിൽ നിന്നും മാറിയതായി കാണുന്നു.

7, ചെക്ക് നം 1849024 മുതൽ 1849800 വരെയുള്ള ചെക്കുകൾ കൗണ്ടർ ഫോയിലിൽ പ്രകാരം വിതരണം ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ചേർത്തിട്ടില്ല

8, ചെക്ക് നം 1849701 മുതൽ 1849800 വരെയുള്ള ചെക്കുകൾ കൗണ്ടർ ഫോയിലിൽ പ്രകാരം വിതരണം ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ചേർത്തിട്ടില്ല

9, ചെക്ക് നം 1849886 & 887 എന്നീ 7960 രൂപയ്ക്കുള്ള ചെക്കുകൾ ഒപ്പിട്ടു വിതരണം ചെയ്യാതെയും സൂക്ഷിച്ചിരിക്കുന്നു.

10, ചെക്ക് നം 1849801 മുതൽ 1849884 വരെയുള്ള ചെക്കുകൾ കൗണ്ടർ ഫോയിലിൽ പ്രകാരം വിതരണം ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

11, പ്രിൻസിപ്പാൾ ഫൊറണറ്റിറ്റ് ,പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയ 90000/-രൂപയുടെ ചെക്ക് രജിസ്റ്ററിലോ,കൗണ്ടർഫോയിലിലോ സ്ഥാപന ഉടമ ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല

<u>പൊതു അഭിപ്രായം.</u>

ഏകദേശം 15 മീറ്റർ സ്ക്വയർ ഓളം മാത്രം വിസ്ഥാരമുള്ള പരിമിതമായ സ്ഥലത്താണ് ഓഫീസ് പ്രവർത്തിക്കുന്നത്.(ആഴ്ചയിൽ ഒരുദിവസംമാത്രം ഓഫീസ് സന്ദർശിച്ച് പ്രവർത്തനം നടത്തുന്നതും ഒന്നോ,രണ്ടോ ഫയലുകൾ മാത്രം കൈകാര്യംചെയ്യുന്നതുമായ വ്യവസായ വികസന ഓഫിസർക്കും ഇതേ സൗകര്യം അനുവദിച്ചിട്ടുള്ളതായി കാണുന്നു.)വർഷംതോറും ധാരാളം ഫയലുകളും,രജിസ്റ്ററുകളും,മറ്റ് രേഖകളും സൂക്ഷിക്കേണ്ട തിരക്കുള്ള ഈ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് മെച്ചപ്പെട്ട സ്ഥലസൗകര്യത്തോടുകൂടിയ ഓഫീസ് ലഭ്യമാക്കാൻ ജില്ലാപട്ടികജാതിവികസന ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായിതോന്നുന്നു.ജനപ്രതിനിധികൾ, നഗരസഭയിലെ ജീവനക്കാർ, ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു. ഓഫീസിന്റെ പ്രവർത്തനത്തിൽ തൃപ്തിരേഖപ്പെടുത്തുന്നു.ഓഫീസ് രേഖകൾ സൂക്ഷിക്കുന്നതിനും രജിസ്റ്ററുകളും അക്വിറ്റൻസുകളും പരിപാലിക്കുന്നതിലും കുറേക്കൂടി ശ്രദ്ധ കാണിക്കേണ്ടതാണ്.ദീർഘകാലം ഓഡിറ്റ് നടത്താതിരുന്നതിന്റെ പ്രശനങ്ങൾഈ ഓഫീസിൽ നിലനിൽക്കുന്നുണ്ട്.

റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

1. സുദർശനൻ ആചാരി.കെ.എസ്,
   സീനിയർസൂപ്രണ്ട്,ഫിൻ.ഡി
2. കെ. കെ.പ്രസാദ്
   സീനിയർസൂപ്രണ്ട്,ഫിൻ.ഇ

27/03/2019

27/3/19